7511/എം/2017/കെഎസ്എച്ച്ഒ 03.09.2019

പ്രേഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം: ജേർണലിസ്റ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം മൂന്നാംഘട്ടം - നടത്തിപ്പ് സംബന്ധിച്ച്.

ജേർണലിസ്റ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ മൂന്നാം ഘട്ടത്തിനായി ജില്ലകളിൽ ഇന്റേൺഷിപ്പ് ചെയ്യാൻ താല്പര്യമുള്ളവരെ തെരഞ്ഞെടുക്കേണ്ടതാണ്. 2019 ഒക്ടോബർ 1 മുതൽ 2020 മാർച്ച് 31 വരെ 6 മാസത്തേക്ക് കുടുംബശ്രീ ജില്ലാമിഷനുകളിൽ ജേർണലിസ്റ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്തേണ്ടതുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- 6 മാസത്തേക്ക് ജേർണലിസ്റ്റ് ഇന്റേൺ ആയി പ്രവർത്തിക്കാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് ഒരു ഇന്റേണിനെ നിയോഗിക്കാവുന്നതാണ്.
- യോഗ്യത: ജേർണലിസത്തിൽ ബിരുദം/ബിരുദാനന്തര ബിരുദം/പോസ്റ്റ് ഗ്രാജ്വേഷൻ ഡിപ്ലോമയോ നേടിയവരെയാണ് ഈ പ്രോഗ്രാമിനായി തെരഞ്ഞെടുക്കേണ്ടത്.
- പ്രായം : 20 നും 30 നും ഇടയിലായിരിക്കണം. (2020 ജനുവരി 1 ന് 30 വയസ്സ് കഴിയാൻ പാടുള്ളതല്ല)
- പ്രവൃത്തി പരിചയം നിർബന്ധമല്ല.
- ഇന്റേൺസിന് പ്രതിമാസം സ്റ്റൈഫന്റ് ഇല്ല. യാത്രാചെലവ് ഇനത്തിൽ പരമാവധി 5000/-രൂപ മാത്രം ലഭിക്കും. പ്രസ്തുത തുക എൻ.ആർ. എൽ.എം ഫണ്ടിലെ ബ്ലോക്ക് മാനേജ്മെന്റ് കോസ്റ്റ് എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

- തൊഴിൽ വിവരണം: പത്രക്കുറിപ്പ് തയ്യാറാക്കൽ, റിപ്പോർട്ടിംഗ്, വെബ്സൈറ്റ് അപ്ഡേഷൻ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, പബ്ലിക് റിലേഷൻസ് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നിവയായിരിക്കും.

ഇതു സംബന്ധിച്ച പത്രക്കുറിപ്പ് **2019 സെപ്റ്റംബർ 07 നകം** നൽകേണ്ടതാണ്. അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി **2019 സെപ്റ്റംബർ 25** ആണ്. സെപ്റ്റംബർ 30-നകം തെരഞ്ഞെടുപ്പു നടത്തി ഒക്ടോബർ 1-ാം തീയതിയ്ക്കകം നിയമനം നടത്തേണ്ടതാണ് എന്നും അറിയിക്കുന്നു. ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട ജേണലിസ്റ്റ് ഇന്റേൺസിന്റെ വിശദാംശങ്ങൾ സെപ്റ്റംബർ 30 ന് തന്നെ സംസ്ഥാനമിഷൻ പബ്ലിക് റിലേഷൻസ് വിഭാഗത്തെ ഔദ്യോഗികമായി അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയക്ടർ**
**കുടുംബശ്രീ**

**അംഗീകാരത്തോടെ,**

Rajan

**അക്കൗണ്ട്സ് ഓഫീസർ**

## കുടുംബശ്രീ ...............................ജില്ലാ മിഷൻ

## വിജ്ഞാപനം

നം.........../......../20....../കെ.എസ്......... .../../2019

കുടുംബശ്രീ ......................... ജില്ലാ മിഷന് കീഴിൽ 2019 ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെ 6 മാസത്തേക്ക് ജേർണലിസ്റ്റ് ഇന്റേണായി പ്രവർത്തിക്കാൻ താത്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

1. **യോഗ്യത**
   - ജേർണലിസത്തിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയോ നേടിയവരായിരിക്കണം.
   - പ്രവൃത്തിപരിചയം നിർബന്ധമില്ല
2. **.തൊഴിൽ വിവരണം**
   - പത്രക്കുറിപ്പ് തയാറാക്കൽ, റിപ്പോർട്ടിങ്, വെബ്സൈറ്റ് അപ്ഡേഷൻ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, പബ്ലിക് റിലേഷൻസ് പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
3. **പ്രായപരിധി**
   - അപേക്ഷകർ 20നും 30നും മധ്യേ പ്രായമുള്ളവരായിരിക്കണം (2020 ജനുവരി 01ന് 30 വയസ്സ് കഴിയാൻ പാടുള്ളതല്ല)
4. **അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2019 സെപ്റ്റംബർ 25**
   (വൈകുന്നേരം 5 മണിവരെ)
5. **അപേക്ഷകർക്കുള്ള മറ്റ് നിബന്ധനകൾ**
   1. 2019 സെപ്റ്റംബർ 25ന് ശേഷം ലഭിക്കുന്ന എല്ലാ അപേക്ഷകളും നിരസിക്കുന്നതായിരിക്കും.
   2. അപേക്ഷ ഫോറത്തിന്റെ മാതൃക www.kudumbashree.org എന്ന വെബ്സൈറ്റിൽ career എന്ന വിഭാഗത്തിൽ ലഭ്യമാണ്.
   3. അപേക്ഷകൾ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (പ്രായം, യോഗ്യത, പ്രവൃത്തിപരിചയം (ഉണ്ടെങ്കിൽ) എന്നിവ തെളിയിക്കുന്നതിനുള്ള) സഹിതം ജില്ലാ മിഷൻ കോർഡിനേറ്റർ ............................... എന്ന

വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

4. ജില്ലാതലത്തിലായിരിക്കും തെരഞ്ഞെടുപ്പ്
5. ജേർണലിസ്റ്റ് ഇന്റേണായി തെരഞ്ഞെടുക്കുന്നവർക്ക് പ്രതിമാസം സ്റ്റൈപ്പന്റ് ഇല്ല. പരമാവധി 5000 രൂപ ഓരോ മാസവും യാത്ര ചെലവ് ഇനത്തിൽ ലഭിക്കും.
6. കാലാവധി പൂർത്തിയാക്കുന്ന ഇന്റേൺസിന് പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.

**ജില്ലാ മിഷൻ കോർഡിനേറ്റർ**

................................... **കുടുംബശ്രീ**